
# നിറവ്



സെന്റ് തെരേസാസ് ഗേൾസ്
ഹൈസ്ക്രൂൾ നെടുംകുന്നം


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ : LK/2018/32048
സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂൾ
നെടുംകുന്നം
Ph: 0481-2415152

| | |
|---|---|
| ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് | :-സി.ജോളിയമ്മ ആന്റണി |
| | :- ജിജി റോസ് തോമസ് |
| ലീഡേഴ്സ് | :- ഫാത്തിമ റയ്ഹാൻ |
| | :-ആബിഗെയ്ൽ ഗ്രെയ്സ് സാക്സൺ |
| ചീഫ് എഡിറ്റർ | :-മിസിരിയ ഹക്കീം |
| എഡിറ്റേഴ്സ് | :- മിസിരിയ ഹക്കീം |
| | :- ഫാത്തിമ റയ്ഹാൻ |
| | :- ഫാസില ആരിഫ് |
| | :- താരാ റോസ് സ്കറിയ |
| | :- മരിയ ലാലിച്ചൻ |

# താളുകൾ മറിക്കുമ്പോൾ

മുഖമൊഴി............................................................................5
സന്ദേശം............................................................................6
സന്ദേശം............................................................................7
പ്രകൃതിയും അതിജീവനവും..............................................................8
ചേച്ചി............................................................................10
യാത്രാക്കുറിപ്പ്.......................................................................12
പ്രളയം............................................................................13
ഓക്സിജൻ കണ്ടെത്തിയ ജോസഫ് പ്രീസ്റ്റലി......................................14
ഒരു തൂവൽ സ്പർശം..................................................................15
യാത്രാക്കുറിപ്പ്.......................................................................17
എന്റെ നാട്.........................................................................18
ചൊവ്വയുടെ മണ്ണിൽ ജൈവതന്മാത്രകൾ..........................................19
ബാല്യം............................................................................21
അഴകിന്റെ കടലലകൾ.................................................................23
സ്കൂളിനൊരു പച്ചക്കറിത്തോട്ടം...................................................25
ചന്ദ്രയാൻ..........................................................................26
മരുന്ന്.............................................................................27
ഇന്ത്യയുടെ ഡിജിറ്റൽ മുന്നേറ്റം.....................................................28
ഗുരുവേ നമഃ.......................................................................29
ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ...................................................31

# മുഖമൊഴി

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നുകിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭാസരംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്. അതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രിതവുമായ ഒരു വിദ്യാഭ്യാസപ്രക്രിയ രൂപപ്പെട്ടുവന്നിട്ടുണ്ട്. സ്വയം പഠിക്കുകയും ഒപ്പം പാഠ്യവസ്തുവിൽ അവബോധവും, താല്പര്യവും, അഭിരുചിയും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയാന്തരീക്ഷത്തിൽ തന്നെ സാധ്യമാക്കുന്നത് ഇത്തരത്തിൽ അത്യാവശ്യമാകുന്നു. വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാനാണ് 'ലിറ്റിൽ കൈറ്റ്സ് 'പ്രവർത്തനനിരതമാക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള 'കൈറ്റ് 'സ്കൂളുകളിൽ ഐ.ടി വിദ്യാഭാസം വർദ്ധിപ്പിക്കുന്നതിനും, ഐ.ടി വിദ്യാഭ്യാസം പൂർണ്ണമായ ഐസിടി പ്രാപ്തമായ വിദ്യാഭാസ സംവിധാനത്തിന്റെ നിലവാരം ഉയർത്തുന്നതിനുമായി സജ്ജമാക്കി. ഇതിൽ ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളുണ്ട്. ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിംഗ്, ഹാർഡ്വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രമായ പരിശീലനം നൽകിയിട്ടുള്ള വിദ്യാലയങ്ങൾ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഹൈ-സ്കൂൾ കുട്ടികളുടെ സംവിധാനമാണിത്. ഒരു കുടക്കീഴിൽ ഒരുമിച്ച് നിന്ന് പ്രവർത്തിക്കുന്ന ഞങ്ങൾ 'ലിറ്റിൽ കൈറ്റ്സ് ' കാർക്ക് ഒരു അന്തിമ വിജയം ലഭിക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അറിവിന്റെ ലോകത്ത് അക്ഷരവെളിച്ചം പകർന്നുനൽകുന്ന 'ലിറ്റിൽ കൈറ്റ്സ്' ന് ഒരായിരം നന്ദി.

ചീഫ് എഡിറ്റർ

മിസിരിയ ഹക്കീം

# സന്ദേശം



ഇന്ന് ഹൈടെക്ക് സംസ്കാരത്തിൽ അലിഞ്ഞുചേർന്ന മനസ്സുകളിൽ വിവരവിനിമയ സാങ്കേതിക ജ്ഞാനത്തിൽ മിഴിവാർന്ന വ്യക്തിത്വങ്ങളാക്കാൻ ലിറ്റിൽ കൈറ്റ്സ് ഒരു പ്രധാന പങ്കുവഹിക്കുന്നു എന്നത് നിസ്സംശയമായ കാര്യം തന്നെ. സാമൂഹികജീവിയായ ഓരോ കുട്ടിയും ചുറ്റുപാടിനെ എങ്ങനെ നിരീക്ഷിക്കുന്നു എന്നതു കൊണ്ട് മാത്രമായില്ല. ഈ ചുറ്റുപാട് എങ്ങനെ ഉണ്ടായി? അവ എങ്ങനെ സംതുലിതാവസ്ഥ നിലനിർത്തി കൊണ്ടുപോകുന്നു എന്ന ഒരു അന്വേഷണം ശാസ്ത്രാവബോധം കുട്ടിയിൽ ജനിപ്പിക്കുമ്പോൾ കുട്ടികൾക്ക് ഇന്ന് സന്തതസഹചാരിയായ ഇന്റർനെറ്റ്, മൊബൈൽ ആപ്പുകൾ, സോഫ്റ്റ്‌വെയറുകൾ, അനിമേഷനുകൾ, ഗെയിമുകൾ തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമിക്കപ്പെട്ടു എന്നതും പുതിയലോകത്തിന്റെ ശാസ്ത്രാന്വേഷണ പരിധിയിൽ വരേണ്ടവ എന്ന നിലയിൽ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിൽ ഓരോ മനസ്സുകൾ നാളത്തെ ലോകത്തിൽ ഇതിലൊക്കെ ബോധവതികൾ ആകട്ടെ എന്നും ഇതിലൂടെ സംഘടനാ മനോഭാവവും സഹവർത്തിത പഠനത്തിന്റെ അനുഭവങ്ങളും കുട്ടികൾ ആർജ്ജിക്കട്ടെ എന്ന് ആശംസിക്കുന്നു.

സി.ദിവ്യാ മാത്യൂസ്
ഹെഡ്മിസ്ട്രസ്

# സന്ദേശം

കുട്ടികളുടെ വൈജ്ഞാനിക മേഖലയിൽ ചേർത്ത പുതിയൊരു പൊൻതൂവലാണ് ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് സമകാലീനമായ പുരോഗതിക്കനുസരിച്ചും വളരുവാൻ പ്രാപ്തമാക്കുന്ന വിദ്യാഭാസ സംരംഭം തന്നെയാണിത്. വിവര സാങ്കേതിക വിദ്യ അനായാസം ഉപയോഗിക്കുവാൻ ഇതു വഴി കുട്ടികൾ പ്രാപ്തരാകുന്നു. നവീനവും ആകർഷകവുമായ ഈ പഠന പദ്ധതികൾ കുട്ടികളുടെ ബൗദ്ധിക വളർച്ചയ്ക്കും സാമൂഹിക വളർച്ചയ്ക്കും കാരണമാകുന്നുണ്ട്. പുതിയ അറിവുകൾ ലഭിക്കുന്നതോടൊപ്പം പരസ്പരം സഹകരിച്ചും പങ്കുവെച്ചും ജീവിക്കുവാനുള്ള പരിശീലനവും ഇതുവഴി കുട്ടികൾക്കു ലഭിക്കുന്നു. ഭാവനാത്മകമായ സൃഷ്ടികൾക്കു രൂപം കൊടുക്കുവാനും വർണ്ണങ്ങളും വരകളും ചാലിച്ച്ചേർക്കുവാനും ഇതുവഴി കുട്ടികൾക്കു സാധിക്കുന്നുണ്ട്. അറിവും അത്ഭുതവും കോർത്തിണക്കുന്ന ഈ പഠന പദ്ധതിയിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും ഇതിന്റെ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത എല്ലാ മഹത് വ്യക്തികൾക്കും ഇതിന്റെ നടത്തിപ്പിനായി യത്നിക്കുന്ന എല്ലാവർക്കും ആശംസകൾ നേരുന്നു. കൂടുതൽ വിജയത്തിലേയ്ക്ക് കൂടുതൽ ഉയരത്തിലേയ്ക്ക് വരും തലമുറ ചിറകടിച്ചുയരട്ടെ എന്ന് ആശംസിക്കുന്നു.

സി.ജോളിയമ്മ ആന്റണി
ലിറ്റിൽകൈറ്റ് മിസ്ട്രസ്

# പ്രകൃതിയും അതിജീവനവും



ഒരു സ്ത്രീയെ വീടിന്റെ വിളക്കായി നാടിന്റെ ഐശ്വര്യമായി പ്രകീർത്തിച്ച് സർവ്വ ബഹുമാനവും നൽകുന്ന സംസ്കാരമാണ് ഭാരതത്തിന്റേത്. അതേ ബഹുമാനമാണ് നാം ഭാരതീയർ അല്ലെങ്കിൽ ലോകർ പ്രകൃതിക്ക് നൽകുന്നത്. പ്രകൃതിയെന്ന ജനനിയില്ലാതെ നാമില്ല. നാമേവരും ആ ജനനിയുടെ മടിത്തട്ടിൽ വീണലിയേണ്ടവരാണ് എന്നത് വെറുമൊരു കവിവചനം മാത്രമല്ല അതൊരു പരമാർത്ഥ സത്യംതന്നെയാണ്. പ്രകൃതിയെ സംബന്ധിച്ച ആഴമേറിയ ആലോചനകൾ വേദങ്ങളും ഉപനിഷത്തുകളും പങ്കുവെക്കുന്നുണ്ട്.

ഭൂമിയിൽ പ്രകൃതിക്കുള്ള സ്ഥാനത്തെ അംഗീകരിക്കുന്ന സംസ്കാരം വർഷങ്ങൾക്കുമുമ്പുവരെ സമൂഹത്തിൽ നിലകൊണ്ടിരുന്നു. എന്നാൽ ഇന്ന് ആഗോളവത്കരണം കൊടിനാട്ടിയതിൽ പിന്നെ മനുഷ്യരിലെ പ്രകൃതിയോടുള്ള ആദരവ് ക്രമേണ കുറഞ്ഞുവരുകയാണ്. വർഷങ്ങൾക്കുമുമ്പ് ഹരിതവർണത്താൽ സമ്പന്നമായ ജലസമൃദ്ധിയാൽ സമ്പന്നമായ പക്ഷിമൃഗാദികളാൽ സമ്പന്നമായിരുന്ന പ്രകൃതിയുടെ മുഖച്ഛായ ഇന്ന് മനുഷ്യക്രൂരതയാൽ ആകെമാറിയിരിക്കുന്നു. പാടങ്ങളും പുഴകളും മണ്ണിട്ടുനികത്തിയും, കുന്നുകൾ ഇടിച്ചു നികത്തിയും, വൃക്ഷങ്ങൾ മുറിച്ചുമാറ്റിയും ആകാശമുട്ടെ കെട്ടിപ്പൊക്കുന്ന ബാബേൽ ഗോപുരങ്ങളും, പുകതുപ്പുന്ന വ്യവസായശാലകളെയുമാണ് ഇന്ന് പ്രകൃതിയുടെ മുഖഛായയിൽ ഏറേയും കാണാൻ സാധിക്കുന്നത്. പണമെന്ന കടലാസു തുണ്ടിനുവേണ്ടി നീതിന്യായങ്ങളെ മറക്കുന്ന ജനസമൂഹങ്ങൾ പ്രകൃതിയെ മറന്നതിൽ അതിശയോക്തിയില്ല.

മനുഷ്യന്റെ അതിരുറ്റ ക്രൂരതയുടെ ഫലമാണ് 2018 എന്ന ഈ വർഷത്തെ ഒരു ദുരന്തവർഷമാക്കി മാറ്റിയത്. 'താൻ കുഴിക്കുന്ന കുഴിയിൽ താൻ താൻ തന്നെ വീഴും' എന്ന അർത്ഥവത്തായ പഴഞ്ചൊല്ല് ഇന്നത്തെ മനുഷ്യസമൂഹത്തിനുള്ള അത്യന്താപേക്ഷിതമായ ഒരു

ഗുണപാഠം തന്നെയാണ്. കലിത്തുള്ളിയ കാലവർഷവും, ഇടുക്കി അണക്കെട്ടിന്റെ ഉയർന്ന ജലനിരപ്പും സൃഷ്ടിച്ച വെള്ളപ്പൊക്കം പൊട്ടിയൊഴുകാൻ വിതുമ്പിനിന്ന പ്രകൃതിയുടെ കണ്ണുനീർത്തന്നെയാണ്. സമൂഹത്തിനുമേൽ അതൊരു ശക്തിയേറിയ തിരമാലയായി ആഞ്ഞടിച്ചപ്പോൾ ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനും ജീവിതവും തകർന്നടിഞ്ഞു. സമൂഹമാധ്യമങ്ങളിൽ നിറഞ്ഞുനിന്നിരുന്ന ഈ ജലദുരന്തം ഈ കാലത്തിനുമേലുള്ള പ്രകൃതിയുടെ ശാപം തന്നെയാണ്.

'Nature is an organic body of human beings' എന്ന മാർക്സിന്റെ നിർവചനത്തിന് ഇന്ന് സമൂഹത്തിൽ പ്രസക്തിയേറെയാണ്. ഇനിയും പൊട്ടിയൊഴുകാൻ വിതുമ്പിനിൽക്കുന്ന പ്രകൃതിദുരന്തങ്ങൾ മനുഷ്യനുമുമ്പിൽ തൂങ്ങിയാടുന്ന വിഷസർപ്പം തന്നെയാണ്. ഈ അന്തിമഘട്ടത്തിൽ മനുഷ്യനുമുമ്പിൽ അവശേഷിക്കുന്ന മാർഗ്ഗം ഒന്നു മാത്രമാണ് 'സ്നേഹിക്കുക'. വർഷങ്ങൾക്കുമുമ്പ് നാം പ്രകൃതിക്കു നൽകിയ അതെ സ്നേഹം, കരുതൽ വീണ്ടും നൽകുക. പ്രകൃതിയെ നിർദ്ദയം കീഴ്പ്പെടുത്തുന്ന വിജിഗീഷുവായ മനുഷ്യനെയല്ല, ഭൂമിയെ വശത്താക്കി അവളോടിണങ്ങിയ സൗഹാർദ്ദമായൊരു കൂടിച്ചേരലാണ് ഇക്കാലം നമ്മോടാവശ്യപ്പെടുന്നത്. ഇനിയൊരു ദുരന്തത്തിന് അവസരം നൽകാതെ ഇക്കാലത്തിന്റെ ആവശ്യം നിറവേറ്റിക്കൊടുത്ത് നമ്മുടെ ജീവിതത്തിന് ഒരു പുത്തൻ അദ്ധ്യായം കുറിക്കാം.

അൽഫിനാ നൗഷാദ്
9 സി

# ചേച്ചി



തിരക്കുള്ള ആ റോഡിലൂടെ ചേച്ചിയുടെ കൈ പിടിച്ച്  രാമു നടക്കുകയാണ്. റോഡിലൂടെ വാഹനങ്ങൾ ചീറിപാഞ്ഞു പോകുന്നു. കാഴ്ച്ചകൾ കണ്ട് രാമു നടക്കുന്നതിനിടയിൽ ചേച്ചി പറഞ്ഞു. "എടാ രാമു മുന്നോട്ട് നോക്കി നടക്ക് " രാമു അതൊന്നും ശ്രദ്ധിക്കാതെ കാഴ്ച്ചകൾ കണ്ട് നടന്നു. അപ്പോഴാണ് റോഡിനപ്പുറത്തുള്ള കടയിൽ പല പല നിറത്തിലുള്ള പെൻസിലുകൾ തൂങ്ങികിടക്കുന്നത് അവൻ ശ്രദ്ധിച്ചത്. ചേച്ചി എനിക്ക് പെൻസിൽ വേണം.വാ നമുക്ക് പോയി അത് വാങ്ങാം. ചേച്ചി പറഞ്ഞു: ഇപ്പോൾ സമയമില്ല

പിന്നെയാകട്ടെ. രാമു അത് സമ്മതിച്ചില്ല. ഇല്ല എനിക്ക് ഇപ്പോൾ തന്നെ വേണം, രാമു വാശിപിടിച്ചു.

ചേച്ചി പറഞ്ഞു:"എന്റെ പൊന്നുമോനല്ലേ... ഇപ്പോൾ സമയമില്ല, ഞാൻ മോനെ സ്കൂളിൽ വിട്ട് തിരികെ വരുമ്പോൾ വാങ്ങിച്ചേക്കാം. ഇപ്പോൾ നടക്ക്...

അവൻ മനസ്സില്ലാ മനസ്സോടെ സ്കൂളിലേയ്ക്ക് നടന്നു. സ്കൂൾ വിട്ടപാടെ അവൻ വീട്ടിലേയ്ക്ക് ഓടി. വീട്ടിൽ ആരുമില്ലായിരുന്നു. പുറകിൽ നിന്ന് ആരോ വിളിക്കുന്നത് കേട്ട് അവൻ തിരിഞ്ഞു നോക്കി. അത് ഗോപാലേട്ടനായിരുന്നു. "എടാ രാമൂ നിന്നോട് ആശുപത്രിയിലോട്ട് ചെല്ലാൻ പറഞ്ഞു." "എന്തിനാ"- രാമു ചോദിച്ചു. "ആ എനിക്കറിയില്ല." ഗോപാലേട്ടൻ പറഞ്ഞു. അവൻ ആശുപത്രിയിലേയ്ക്ക് ഓടി. അവിടെ ഐ.സി.യു വിന് മുമ്പിൽ പൊട്ടിക്കരഞ്ഞുകൊണ്ട് നിൽക്കുന്ന അമ്മയെ ആണ് അവൻ കണ്ടത്. അവൻ പരിഭ്രമം കലർന്ന സ്വരത്തിൽ ചോദിച്ചു: "അമ്മേ എന്താ എന്താ പറ്റിയെ" നിറഞ്ഞൊഴുകുന്ന കണ്ണുകളുമായി അമ്മ പറഞ്ഞു. "മോനെ നിന്റെ ചേച്ചി രാവിലെ റോഡുമുറിച്ച് കടക്കുന്നതിനിടയിൽ ഒരു വണ്ടി വന്ന് ഇടിച്ചു. ഇതുവരെ ബോധം തെളിഞ്ഞിട്ടില്ല.എന്തോ വലിയ ഓപ്പറേഷൻ ഒക്കെ വേണമെന്നാ ഡോക്ടർ പറഞ്ഞത്."രാമുവിന്റെ കണ്ണുകൾ നിറഞ്ഞ് ഒരു പെരുമഴ പോലെ കണ്ണുനീർ പെയ്തിറങ്ങി.

എയ്ഞ്ചൽ റോസ് സുനിൽ
8 ബി

# യാത്രാക്കുറിപ്പ്



ഞാൻ ആദ്യമായി ആറാം ക്ലാസ്സിലെ വെക്കേഷനാണ് ഇടുക്കിയിലേക്ക് ഒരു നീണ്ട യാത്ര പോകുന്നത്. കുടുംബാംഗങ്ങളോടൊപ്പമായിരുന്നു ആ വെക്കേഷൻ ടൂർ. ഞങ്ങൾ അതിരാവിലെ പുറപ്പെട്ടു. പോകുന്ന വഴിയിൽ ഒരു ഹോട്ടലിൽ കയറി പ്രഭാതഭക്ഷണം കഴിച്ചു. അതിനുശേഷം വീണ്ടും യാത്ര ആരംഭിച്ചു. പോകുന്നവഴിയിൽ മലകളും, ചെറിയ വെള്ളച്ചാട്ടങ്ങളും എല്ലാം കാണാം. യാത്ര മുന്നോട്ട് പോകുന്തോറും വളരെ അപകടം നിറഞ്ഞതായിരുന്നു. യാത്ര ഏറെ സമയമായതുകൊണ്ട് വഴിയിൽ കണ്ട ഒരു വെള്ളച്ചാട്ടത്തിന്റെ സമീപം വണ്ടി നിർത്തി. കുത്തിയൊഴുകുന്ന വെള്ളച്ചാട്ടം എല്ലാവർക്കും ഒരു കൗതുകമായിരുന്നു. അവിടുത്തെ കാലാവസ്ഥയും പ്രകൃതിഭംഗിയും, അവിടെ എത്തുന്ന സഞ്ചാരികളും എന്നെ കൂടുതൽ ആകർഷിച്ചു. വിദേശരാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്കും അവിടുത്തെ കാഴ്ച വളരെ കൗതുകം ജനിപ്പിച്ചു. അല്പ സമയത്തിന് ശേഷം ഞങ്ങൾ വീണ്ടും യാത്ര ആരംഭിച്ചു. അടുത്തതായി ഞങ്ങൾ രാമക്കൽമേടിലേക്കാണ് പോകുന്നത്. മല വളരെ അപകടം നിറഞ്ഞതായിരുന്നു. കുന്നിന്റെ ഒരു വശത്തു നിന്ന് നോക്കിയാൽ വലിയ കൊക്കകളും കാണാം. സൂര്യാസ്തമയം കണ്ടതിനു ശേഷം ഞങ്ങൾ അവിടെനിന്ന് യാത്ര തിരിച്ചു. പോരുന്ന വഴിയിൽ കാറ്റാടിമരങ്ങളും, മലയോരപ്രദേശങ്ങളിലെ കൊച്ചു കൊച്ചു വീടുകളും അങ്ങിങ്ങായി തെളിഞ്ഞു കാണാം. സന്തോഷകരവും മറക്കാനാവാത്തതുമായ ഒരു യാത്രകൂടിയായിരുന്നു അത്.

ഹരിപ്രിയ.എച്ച്.
10 സി


# പ്രളയം



മണ്ണും മരങ്ങളും വിറ്റുതിന്നീടുന്നു
തൊടിയിലെ വെള്ളവും വില്പനയാകുന്നു,
എന്നിട്ടു കുപ്പിയിൽ വെള്ളം
നിറച്ചത് പൈസായ്ക്കു കടയിൽ-
നിന്നു വാങ്ങുന്നു മാനവർ
ആ കുപ്പിയുൾപ്പെടും മാലിന്യക്കൂമ്പാരം
തൊടിയിലും പുഴയിലും മുറ്റി നിറയുന്നു
ജീവജാലങ്ങൾക്ക് പ്രാണൻ നിലനിർത്താൻ
ഒരു തുള്ളി ശുദ്ധജലവുമില്ലാതായി
മാനവനെ നോക്കി പ്രകൃതി കരയുന്നു,
ആ കണ്ണീർ പ്രളയമായീടുന്നു
ആ ജലം കര കവിഞ്ഞൊഴുകി
വാസമേഖല തരിപ്പണമാക്കുന്ന കാഴ്ച്ചകൾ!
ഇത്രയുമൊക്കെയനുഭവിച്ചിട്ടും നമ്മൾ, പഠിച്ചിട്ടില്ല
നമ്മൾ തൻ ആവശ്യങ്ങൾക്കുവേണ്ടിഈ മണ്ണിനെ ഇനി മലിനമാക്കിടല്ലേ
ഈ ഭൂമിയെ വേദനിപ്പിച്ചിടല്ലേ...!

ലിയാ ലിസ് തോമസ് 9 ബി

# ഓക്സിജൻ കണ്ടെത്തിയ ജോസഫ് പ്രീസ്റ്റലി



പ്രാണവായുവായ ഓക്സിജൻ കണ്ടെത്തിയ ശാസ്ത്രജ്ഞനാണ് ജോസഫ് പ്രീസ്റ്റലി. ഓക്സിജൻ കണ്ടെത്തി എന്ന് പറഞ്ഞാൽ അതിന് മുമ്പ് ഓക്സിജൻ ഇല്ലായിരുന്നുവെന്ന് അർത്ഥമില്ല..ഓക്സിജനാണ് പ്രാണവായുവന്ന് പ്രീസ്റ്റലി തിരിച്ചറിഞ്ഞു എന്നാണ് അതിനർത്ഥം. ഇംഗ്ലണ്ടിലെ യോർക്ക്ഷെയറിലുള്ള ഫീൽഡ്ഹെഡിൽ 1733 മാർച്ച് 13 നാണ് ജോസഫ് പ്രീസ്റ്റലി ജനിച്ചത്. രസതന്ത്രമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന വിഷയം.ഒരു മദ്യനിർമ്മാണശാലയിലാണ് പ്രീസ്റ്റലി രസതന്ത്ര ഗവേഷണം തുടങ്ങുന്നത്. ജോസഫ് ബ്ലാക്ക് ആയിടെ കണ്ടുപിടിച്ച കാർബൺ ഡൈ ഓക്സൈഡ് എന്ന വാതകം വെള്ളത്തിൽ ലയിപ്പിച്ച് നോക്കി അദ്ധേഹം. ദ്രാവകത്തിന് ആസ്വാദ്യമായി സ്വാദ് വന്നു. ഇതാണ് സോഡയുടെയും കാർബൺ ഡൈ ഓക്സൈഡ് കലർത്തിയ ശീതളപാനീയങ്ങളുടെയും നിർമ്മാണത്തിന് വഴിവച്ചത്. ഒരു ദിവസം മെർക്കുറിയുടെ ഓക്സൈഡിനെ സൂര്യപ്രകാശം കൊണ്ട് ചൂടാക്കിയപ്പോഴാണ് പ്രാണവായുവായ ഓക്സിജൻ വേർതിരിഞ്ഞു വന്നത്. കത്താൻ സഹായിക്കുന്ന ഈ വാതകം ശ്വസിച്ചാൽ നവോന്മേഷം കൈവരുമെന്ന് അദ്ദേഹം കണ്ടെത്തി. ഡിഫ്ളോജിസ്റ്റിക്കേറ്റഡ് എയർ എന്നാണ് പ്രീസ്റ്റലി പുതിയവാതകത്തിന് പേരിട്ടത്. ഇതിന് ഓക്സിജൻ എന്ന് പേരിട്ടത് പിന്നീട് അന്ത്വാൻ ലാവോസിയെയാണ്. സൾഫർ ഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ് തുടങ്ങി ഒട്ടേറെ വാതകങ്ങൾ പ്രീസ്റ്റലി കണ്ടെത്തി.

മിസിരിയ ഹക്കീം 9 ബി

# ഒരു തൂവൽ സ്പർശം

ഒരു തണുപ്പുള്ള രാത്രി മാധവിക്കും രമേഷിനും ഒരു പുത്രൻ ജനിച്ചു. ആദി എന്നാണ് അവന്റെ പേര്. ആദിക്ക് പത്ത് വയസ്സായപ്പോൾ രമേഷ് മരിച്ചുപോയി. ആ അമ്മ വീടുകളിൽ അടുക്കളപണിക്ക് പോയി തന്റെ മകനെ വളർത്തി വലുതാക്കി. വളർന്നു വരുംതോറും അവൻ അമ്മയിൽ നിന്ന് അകലാൻ തുടങ്ങി. അമ്മയുടെ ജോലിയും,രൂപവും, വേഷവും അവന് നാണക്കേടായി വന്നു. അവൻ തന്റെ ജീവിതത്തിൽ നിന്നും അമ്മയെ അകറ്റി നിർത്താൻ തുടങ്ങി. ആ അമ്മ അതെല്ലാം സഹിച്ച് തന്റെ മകന്റെ ഭാവി സുരക്ഷിതമാക്കാൻ ശ്രമിച്ചു.



ആ അമ്മ അവനെ പഠിപ്പിച്ച് ഒരു വക്കീലാക്കി. ഒരിക്കൽ കതകിനിട്ട് ആരോ തട്ടുന്ന ശബ്ദം കേട്ട് മാധവി കതകുതുറന്നപ്പോൾ, ആദി കല്യാണം കഴിച്ച് ഒരു പെണ്ണുമായി വാതിൽക്കൽ വന്ന് നിന്നതാണ് കാണുന്നത്. ആ കാഴ്ച്ച അമ്മയുടെ ഹൃദയം തകർത്തു. എങ്കിലും മറുത്തൊന്നും പറയാതെ ആ അമ്മ അവരെ വീട്ടിൽ കയറ്റി. പിറ്റേ ദിവസം മുതൽ ആ വീട് അവൾ ഭരിക്കുവാൻ തുടങ്ങി. ആധി തന്റെ അമ്മയോട് സംസാരിക്കാതായി. ആ വീട്ടിൽ എന്നും പ്രഷ്നങ്ങൾ മാത്രം, ആ വീട് ഒരു നരകതുല്യമായി. ഭാര്യയുടെ ആവശ്യ പ്രകാരം ആദി അമ്മയെ വൃദ്ധസദനത്തിൽ കൊണ്ടുവിടുവാൻ തീരുമാനിച്ചു. ആ അമ്മ ഒന്നും എതിര് പറയാതെ മകന്റെ തീരുമാനം അനുസരിച്ചു. തന്റെ മകന്റെ കുടുംബ ജീവിതം തകരരുതെന്ന് ആഗ്രഹിച്ചാണ് ആ അമ്മ അതിനു സമ്മതിച്ചത്. ആ മകൻ അമ്മയെ വൃദ്ധസദനത്തിൽ ഉപേക്ഷിച്ചിട്ട് തിരിച്ചു വരുന്ന വഴിക്ക് ഒരു അപകടംഉണ്ടായി.

ആ അപകടത്തിൽ ആദി കിടപ്പിലായി. ഭാര്യ കുറേക്കാലം ശുശ്രൂഷിച്ചു. വീട്ടിൽ പട്ടിണിയും, ദാരിദ്ര്യവുമുണ്ടായപ്പോൾ അവൾ അവനെ ഉപേക്ഷിച്ച് ആ വീട്ടിൽ നിന്ന് ഇറങ്ങി പോയി. വൃദ്ധസദനത്തിൽ ആയിരിക്കുംമ്പോഴും ആ അമ്മയുടെ ഹൃദയം വീട്ടിലായിരുന്നു. കുറച്ച് നാളായ് ആ അമ്മയുടെ ഹൃദയത്തിൽ എന്തോ ഒരു വിഷമം പോലെ അവർക്ക് തന്റെ മകനെ കാണണമെന്ന് തോന്നി. മാധവി അവിടെ നിന്നിറങ്ങി വീട്ടിലേയ്ക്ക് ചെന്നു.

അപ്പോൾ ആ അമ്മ കണ്ട കാഴ്ച്ച : ഒരു തുള്ളി ജലം കുടിക്കുവാൻ പോലും സ്വയം ശേശിയില്ലാത്ത മകനെയാണ്. ആ അമ്മ ഓടി വന്ന് അവനെ കെട്ടി പിടിച്ചുകൊണ്ട് കരയാൻ തുടങ്ങി.

അമ്മ ചോദിച്ചു : "നിനക്ക് എന്ത് പറ്റി , അവൾ എന്തിയേ?"
ആദി വിതുമ്പി കൊണ്ടു പറഞ്ഞു : "എനിക്ക് വയ്യാതായപ്പോൾ അവൾക്ക് എന്നെ വേണ്ടാതായി.അവൾ അവളുടെ വീട്ടിൽ പോയി. ഞാൻ ആർക്കുവേണ്ടിയാണ് ജീവിക്കുന്നത്.അങ്ങ് മരിച്ചാൽ മതിയായിരുന്നു."
അമ്മ പറഞ്ഞു : "നിന്നെ ആർക്കു വേണ്ടെങ്കിലും എനിക്ക് വേണം. എനിക്ക് നിന്നെ ഉപേക്ഷിക്കുവാൻ കഴിയില്ല. കാരണം ഞാൻ നിന്റെ അമ്മയാണ്."
ആ മകന്റെ മനസ്സിൽ കുറ്റബോധം നിറഞ്ഞു ;അവൻ പറഞ്ഞു : "ഇത്രയും നാൾ എന്റെ കണ്ണുകൾ അടഞ്ഞിരിക്കുകയായിരുന്നു. ഇപ്പോഴാണ് അത് തുറന്നത്.എനിക്ക് ഇപ്പോഴാണ്എല്ലാവരെയും പറ്റി മനസ്സിലായത്."
മാധവി പറഞ്ഞു : " നീ കരയരുത് എല്ലാം ശരിയാകും. നീ തീർച്ചയായും എഴുന്നേറ്റ് നടക്കും. നമ്മുടെ എല്ലാ പ്രശ്നങ്ങളും തീരും."
ആദി പറഞ്ഞു : "നമ്മുടെ പ്രശ്നങ്ങളെല്ലാം തീരുവമ്മേ, ഞാൻ ഇനി ആരുടെ മുമ്പിലും തോൽക്കില്ല. എനിക്ക് നല്ല രീതിയിൽ ജീവിക്കണം.അമ്മയെ ഞാൻ ഒരുപാട് വിശമിപ്പിച്ചിട്ടുണ്ട്. അമ്മ എന്നോട് ക്ഷമിക്കണം."
അമ്മ പറഞ്ഞു : "എനിക്ക് ഒരിക്കലും നിന്നെ വെറുക്കാൻ കഴിയുകയില്ല."
പിന്നീട് അമ്മയുടെ പ്രാർത്ഥനയാലും മരുന്നുകളാലും ആദി സുഖം പ്രാപിച്ചു. അവൻ ഒരു ജോലി കണ്ടെത്തി. തന്റെ അമ്മയ്ക്ക് വേണ്ടി ജീവിതം മാറ്റിവച്ചു. പിന്നീട് ഒരിക്കലും ആ മാതാവിന് സങ്കടപ്പെടേണ്ടി വന്നിട്ടില്ല.

സാന്ദ്ര കെ സാബു
10 ഡി

# യാത്രാക്കുറിപ്പ്



ഞാൻ ആദ്യമായി ആറാം ക്ലാസ്സിലെ വെക്കേഷനാണ് ഇടുക്കിയിലേക്ക് ഒരു നീണ്ട യാത്ര പോകുന്നത്. കുടുംബാംഗങ്ങളോടൊപ്പമായിരുന്നു ആ വെക്കേഷൻ ടൂർ. ഞങ്ങൾ അതിരാവിലെ പുറപ്പെട്ടു. പോകുന്ന വഴിയിൽ ഒരു ഹോട്ടലിൽ കയറി പ്രഭാതഭക്ഷണം കഴിച്ചു. അതിനുശേഷം വീണ്ടും യാത്ര ആരംഭിച്ചു. പോകുന്നവഴിയിൽ മലകളും, ചെറിയ വെള്ളച്ചാട്ടങ്ങളും എല്ലാം കാണാം. യാത്ര മുന്നോട്ട് പോകുന്തോറും വളരെ അപകടം നിറഞ്ഞതായിരുന്നു. വലിയവളവുകളും കൊക്കളുമെല്ലാം പിന്നിട്ട് ഞങ്ങൾ മുന്നോട്ടുനീങ്ങി. യാത്ര ഏറെ സമയമായതുകൊണ്ട് വഴിയിൽ കണ്ട ഒരു വെള്ളച്ചാട്ടത്തിന്റെ സമീപം വണ്ടി നിർത്തി. കുത്തിയൊഴുകുന്ന വെള്ളച്ചാട്ടം എല്ലാവർക്കും ഒരു കൗതുകമായിരുന്നു. അവിടുത്തെ കാലാവസ്ഥയും, പ്രകൃതിഭംഗിയും, അവിടെ എത്തുന്ന സഞ്ചാരികളും എന്നെ കൂടുതൽ ആകർഷിച്ചു. വിദേശരാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്കും അവിടുത്തെ കാഴ്ച്ച വളരെ കൗതുകം ജനിപ്പിച്ചു. അല്പ സമയത്തിന് ശേഷം ഞങ്ങൾ വീണ്ടും യാത്ര ആരംഭിച്ചു. അടുത്തതായി ഞങ്ങൾ രാമക്കൽമേടിലേക്കാണ് പോകുന്നത്. മലയുടെ മുകളിലേയ്ക്ക് എത്തുമ്പോൾ തണുപ്പ് കൂടിക്കൂടി വരുന്നുണ്ടായിരുന്നു. കുന്നിന്റെ ഒരു വശത്തുനിന്ന് നോക്കിയാൽ വലിയ കൊക്കകളും കാണാം. സൂര്യാസ്തമയം കണ്ടതിനു ശേഷം ഞങ്ങൾ അവിടെനിന്ന് യാത്ര തിരിച്ചു. പോരുന്ന വഴിയിൽ കാറ്റാടിമരങ്ങളും, മലയോരപ്രദേശങ്ങളിലെ കൊച്ചു കൊച്ചു വീടുകളും അങ്ങിങ്ങായി തെളിഞ്ഞു കാണാം.സന്തോഷകരവും മറക്കാനാവാത്തതുമായ ഒരു യാത്രകൂടിയായിരുന്നു അത്.

ഹരിപ്രിയ.എച്ച്.
10 സി

# എൻെറ നാട്

കാട്ടും നദികളും അരുവികളും കൂടി
പല പല വർണ്ണത്താൽ നിറയുന്ന എൻ
കേരളം എന്തൊരു സുന്ദരം
നീളേ കളകളം പാടിയൊഴുകും
കാട്ടു പുഴകളും മാമണി മേടും
പച്ചവെട്ടില്യ പോലെ തുള്ളിക്കളിക്കും
കടലും.



ഓളങ്ങൾ നീങ്ങി കോരിത്തരിക്കും ജലവും
പാടവും കായലും നീളേ കോരിത്തരിക്കും നീലമലയും
പീലിവിടർത്തി നിന്നാട്ടും കൊച്ച മരതകത്തോപ്പും
പുലരിയിൽ ഞാൻ ഉണരുമ്പോൾ
കിളിനാദം എൻ മനസ്സിൽ ഞാൻ കേട്ടു
ഓളങ്ങൾ നീങ്ങി വഞ്ചിപ്പാട്ടുമുള്ള എൻ നാട്
പൂന്തോപ്പിൽ നിന്ന് കരിവണ്ടും, തുമ്പികളും മൂളുന്ന
പച്ചപ്പുതപ്പിൻ നാടായ എൻ കേരളം
അറബികൾ ഈ നാടിനെ ഹിന്ദുസ്ഥാൻ
എന്ന് വിശേഷിപ്പിക്കുന്നു
നീളേ കുളിരുകൾ കോരിത്തരിക്കുമെൻ
കേരളമെന്തൊരു ഭംഗി

സഹദിയ ഫാത്തിമ 5 ബി

# ചൊവ്വയുടെ മണ്ണിൽ ജൈവതന്മാത്രകൾ

ചൊവ്വ ഗ്രഹത്തിന്റെ മണ്ണിൽ 'ക്യൂര്യോസിറ്റി' പേടകം നടത്തിയ തിരച്ചിൽ ഫലം നൽകി. ഈ ചുവപ്പൻ ഗ്രഹത്തിൽ ജീവനുണ്ടായിരുന്നു എന്നതിന്റെ ഏറ്റവും വിശ്വസനീയമായ തെളിവുകളാണ് ക്യൂരിയോസിറ്റി ഉയർത്തിയെടുത്തത്. 'സയൻസ് ' ജേർണലിൽ പ്രസിദ്ധീകരിച്ച രണ്ടു ഗവേഷണ പ്രബന്ധങ്ങളിലൂടെയാണ് നാസ ഇക്കാര്യം പുറത്തുവിട്ടത്. 2012 ലാണ് ചൊവ്വയിലെ ഗെയ്ൽ ക്രേറ്റർ എന്ന



ഭാഗം പരിശോധിക്കാനായി നാസ ക്യൂര്യോസിറ്റി പേടകം വിക്ഷേപിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഈ പേടകം ശേഖരിച്ച് അയച്ച ഡാറ്റ വിശകലനം ചെയ്തതിൽ നിന്നാണ് ചൊവ്വയിലെ ജീവന്റെ സാന്നിദ്ധ്യം സംബന്ധിച്ച നിർണായക തെളിവ് ലഭിച്ചത്. വർഷങ്ങൾക്കു മുമ്പ് ഉണ്ടായിരുന്നു എന്ന് കരുതുന്ന ഗെയ്ൽ ക്രേറ്ററിനുള്ളിലെ തടാകത്തിന്റെ അടിത്തട്ടിൽ നിന്നാണ് 'ജൈവ' വസ്തുവിന്റെ സാന്നിദ്ധ്യം ഗവേഷകർ വേർതിരിച്ചെടുത്തത്. ജീവന്റെ യഥാർത്ഥ രൂപം കണ്ടെത്താനായിട്ടില്ല. എന്നാൽ അതിലേയ്ക്കു നയിക്കുന്ന സൂചനകളുമായി ജൈവതന്മാത്രകളുടെ സാന്നിദ്ധ്യം തിരിച്ചറിയുകയായിരുന്നു. കാർബണും ഹൈഡ്രജനും നൈട്രജനും ഉൾപ്പടെയുള്ള മൂലകങ്ങൾ അടങ്ങിയ ജൈവതന്മാത്രകളാണ് കണ്ടെത്തിയത്. ചൊവ്വയിൽ മീഥെയ്ൻ സാന്നിദ്ധ്യവും നേരത്തെ ഗവേഷകർ തിരിച്ചറിഞ്ഞിരുന്നു. ഇതിന്റെ ഉറവിടവും ക്യൂര്യോസിറ്റി അയച്ച ഡാറ്റയിൽ നിന്നു ലഭിച്ചു കഴിഞ്ഞു.

ചൊവ്വയിൽ ജീവന്റെ സാന്നിദ്ധ്യവും തേടിയുള്ള അന്വേഷണത്തിലെ നിർണായക വഴിത്തിരിവാണ് പുതിയ കണ്ടെത്തൽ. ചൊവ്വയിലെ കാലാവസ്ഥയെക്കുറിച്ചുൾപ്പടെ ധാരണയും ലഭിക്കും. ഇത്രയും നാളും ചൊവ്വയിലെ ജീവന്റെ സാന്നിദ്ധ്യത്തെ പറ്റിയുള്ള പഠനം ഇനിയും തുടരണോ എന്ന ആശങ്കയായിരുന്നു ഗവേഷകർക്ക്. എന്നാൽ ഒരിക്കൽ ചൊവ്വയിൽ ജീവനുണ്ടായിരുന്നു എന്നതിന്റെ ഈ ആദ്യ സൂചനകളുമായി ഇനിയും അന്വേഷണം ശക്തമാക്കണമെന്ന് നാസയുടെ ജെറ്റ് പ്രൊപ്പൽഷൻ ലബോറട്ടറിയിലെ പ്രോജക്ട് സയിന്റിസ്റ്റ് പറയുന്നു.

കണ്ടെത്തിയ ജൈവതന്മാത്രകൾ ഭൂമിയിൽ ജീവന്റെ ആവിർഭാവത്തിനും തുടർച്ചയ്ക്കും സഹായിച്ചിട്ടുള്ളവയാണ്. അതേ സമയം അജൈവികമായ പ്രവർത്തനങ്ങളിലൂടെയും ഈ തന്മാത്രകൾ സൃഷ്ട്ടിക്കപ്പെടാമെന്നും ഗവേഷകർ പറയുന്നു. തടാകത്തിന്റെ അടിത്തട്ടിലെ ചെളിക്കട്ടകൾ എന്നറിയപ്പെടുന്ന പാറക്കെട്ടുകളിൽ നിന്നാണ്

തന്മാത്രകൾ വേർതിരിച്ചെടുക്കാൻ സാധിക്കുന്ന സാംപിളുകൾ ക്യൂര്യോസിറ്റി ശേഖരിച്ചത്. 300 കോടി എങ്കിലും വർഷം പഴക്കമുള്ള ചെളിക്കട്ടകളാണ് ചൊവ്വയിലുള്ളതെന്ന് കരുതുന്നു. ജൈവ വസ്തുക്കളാൽ സമ്പന്നമായ ഭൂമിയിലെ അവസാദശിലയ്ക്ക് സമാനമായിരുന്നു ക്യൂരിയോസിറ്റി ശേഖരിച്ച ചൊവ്വയിലെ പാറകളുടെ സാംപിളുകൾ കാലങ്ങളോളം എക്കൽ അടിഞ്ഞു രൂപപ്പെടുന്നതാണ് ഇത്തരം പാറകൾ. ഇതിൽ നിന്നാണ് ചൊവ്വയിലേയും ജൈവ തന്മാത്രകളുടെ സാന്നിദ്ധ്യം ഇത്തരത്തിലുണ്ടായതാണെന്ന നിഗമനത്തിൽ ഗവേഷകർ എത്തിയത്.

എന്നാൽ ഇക്കാര്യത്തിൽ അന്തിമതീരുമാനമായിട്ടില്ല.ഒരു പക്ഷേ ഉൽക്കകൾ വന്നിടിച്ചു വഴിയും ഇത്തരം തന്മാത്രകൾ രൂപപ്പെടാം. കൂടുതൽ പരീക്ഷണങ്ങൾ നടത്താനുള്ള ഊർജ്ജമാണ് ക്യൂര്യോസിറ്റി ഭൂമിയിലേയ്ക്ക് സത്യത്തിൽ എത്തിച്ചിരിക്കുന്നത്. 'ഈ തന്മാത്രകൾ ജലത്തിലൂടെ ഒഴുകി വന്നതാകാം, കാറ്റടിച്ചെത്തിയതാകാം, തടാകത്തിൽ തന്നെ ജൈവപ്രക്രിയകളിലൂടെ ഉണ്ടായതുമാകാം....' നാസയിലെ ഗവേഷകർ പറയുന്നു.




അഭിരാമി അനിൽകുമാർ
10 എ

# ബാല്യം



മുറ്റത്തും തൊടിയിലും, തോട്ടിലുമൊക്കെ

കളിച്ചു നടന്നൊരു കാലമുണ്ട്.
ആ കാലമോർക്കുമ്പാൾ വീണ്ടുമത്

തിരിച്ചുകിട്ടിയിരുന്നെങ്കിലെന്ന് കൊതിക്കാറുണ്ട്.
മണ്ണിലും ചെളിയിലും നഗ്നപാദങ്ങളാലോടി

നടന്നു കളിച്ചൊരു കാലമുണ്ട്.

മണ്ണപ്പം ചുട്ടു കളിച്ചും,
വെള്ളയ്ക്കാകൊണ്ടു ചന്ദനമുണ്ടാക്കിയും

നടന്നൊരു കാലം.

ആ കാലമെത്ര മനോഹരമായിരുന്നു!
ആ കാലമൊരുവട്ടം കൂടി
വന്നിരുന്നെങ്കിലെന്നാഗ്രഹിച്ച് പോകുന്നു.
അത്ര മനോഹരമായിരുന്നു
എൻ ബാല്യം.

ഫാസിലാ ആരിഫ്
9 ബി

# അഴകിന്റെ കടലലകൾ



ഇന്ത്യയിൽ സൂര്യോദയവും അസ്തമയവും ഒരേ സ്ഥലത്തുനിന്നു കാണാവുന്ന ഒരു പ്രദേശമുണ്ട്. അതാണ് കന്യാകുമാരി. പ്രകൃതി സൗന്ദര്യം അലയടിക്കുന്ന ഈ പ്രദേശത്തേക്കായിരുന്നു എന്റെ യാത്ര. ഞാനും എന്റെ അമ്മയും പിന്നെ കുറച്ചു കൂട്ടുകാരും അടങ്ങുന്ന ആ യാത്ര തുടങ്ങിയത് കോട്ടയത്തു നിന്നായിരുന്നു. രാത്രിയിൽ തുടങ്ങിയ യാത്ര പുലർച്ചെ എട്ട് മണിയോടെ കന്യാകുമാരിയിലുള്ള എന്റെ ബന്ധുവിന്റെ വീട്ടിലെത്തി. പിന്നീടുള്ള യാത്രയിലെ ഞങ്ങളുടെ ഗൈഡ് ആ ബന്ധുവായിരുന്നു. അവിടുന്ന് ഞങ്ങൾ പോയത് കന്യാകുമാരിയിലെ ഏറ്റവും പ്രസിദ്ധമായ വിവേകാനന്ദ പാറയിലേക്കായിരുന്നു. അങ്ങോട്ടേക്കുള്ള യാത്രയിലുടനീളം കണ്ണിനെ കുളിരണിയിക്കുന്ന ദൃശ്യങ്ങളായിരുന്നു. ആകാശത്തെ ചുംബിച്ചു നിൽക്കുന്ന കുന്നുകൾ, ചെറിയ ചെറിയ കുളങ്ങൾ, അതിലെ വെള്ളം കാണാൻ പറ്റാത്ത പോലെ കുടമായി വിരിഞ്ഞു നിൽക്കുന്ന ആമ്പൽപൂക്കൾ. ചെറിയ തോതിൽ ഉണ്ടായിരുന്ന മൂടൽ മഞ്ഞ് ഇതിന്റെ എല്ലാം അഴക് ഒന്നുകൂടെ വർദ്ധിപ്പിച്ചു.

പ്രധാന വിനോദസഞ്ചാരകേന്ദ്രമായതിനാൽ നിരവധി ആളുകൾ ഉണ്ടായിരുന്നു വിവേകാനന്ദ പാറയിലേക്ക് പോകാൻ. ബോട്ടിലാണ് അവിടേയ്ക്ക് പോകുന്നത്. അതുകൊണ്ട് ടിക്കറ്റെടുത്ത് കാത്തുനിൽക്കണമായിരുന്നു. ഏകദേശം രണ്ട് മണിക്കൂർ കഴിഞ്ഞപ്പോൾ ഞങ്ങൾ ബോട്ടിൽ കയറി. ജനാലയ്ക്ക് അടുത്തുള്ള സീറ്റിലായിരുന്നു ഞാനിരുന്നത്. കടലിനെ തഴുകി കൊണ്ട് ബോട്ട് മുന്നോട്ട് നീങ്ങി തുടങ്ങി. മഴയത്ത് നൃത്തമാടുന്ന മയിലിനെ പോലെ കുഞ്ഞുമീനുകൾ വളരെ താളാത്മകമായി എനിക്കു തോന്നി, അതായത് തിരമാലകളുടെ താളത്തിനനുസരിച്ച് അര മണിക്കൂർ കഴിഞ്ഞപ്പോൾ വിവേകാനന്ദ പാറയിലെത്തി. ഞാൻ പ്രതീക്ഷിച്ചത് ഒരു പാറയും വിവേകാനന്ദന്റെ പ്രതിമയുമായിരുന്നു. എന്നാൽ ഞാൻ വിചാരിച്ചതിനേക്കാൾ വലിയ പാറയും രണ്ട് കെട്ടിടങ്ങളും. ഒന്ന് കന്യാകുമാരി ദേവിയുടെ ക്ഷേത്രവും മറ്റൊന്ന് ഒരു ഗോപുരവും. ക്ഷേത്രത്തിലേക്കാണ് ഞാൻ ആദ്യം കയറിയത്. കയറി ചെല്ലുമ്പോൾ തന്നെ നമ്മെ വരവേൽക്കാൻ എന്ന പോലെ കന്യാകുമാരി ദേവിയുടെ ഒരു

മനോഹര ശില അവിടെ ഉണ്ടായിരുന്നു. പിന്നെ കന്യാകുമാരി ദേവിയുടേതെന്ന് വിശ്വസിക്കുന്ന ഒരു പാദത്തിന്റെ ശിലാഫലകവും.

സൂര്യാസ്തമയമായപ്പോഴേക്കും ഞങ്ങൾ ഗോപുരത്തിന്റെ ഏറ്റവും മുകളിലെത്തി.അവിടുത്തെ ജനാലയിലൂടെ നോക്കിയപ്പോൾ കടലിന്റെ സൗന്ദര്യം മുഴുവൻ ആസ്വദിക്കാൻ പറ്റുന്ന പോലെ എനിക്ക് തോന്നി. ചെമ്മണ്ണ് വാരിവിതറിയ പോലുള്ള ആകാശവും രക്തവർണത്തിലുള്ള സൂര്യനും ആ ആസ്വാദനത്തിന് മനോഹാരിത പകർന്നു. മനസ്സിന് കുളിർമയും ജീവിതത്തിന് ഉണർവ്വും നൽകുന്ന ആ കാഴ്ച്ച ആയിരുന്നു എന്റെ യാത്രയുടെ അവസാനം.

പ്രിയ മോൾ ടി.കെ

10 എ

# സ്കൂളിനൊരു പച്ചക്കറിത്തോട്ടം

കൃഷി കോ-ഓർഡിനേറ്റർ സിസ്റ്റർ ചൈതന്യയുടെയും സിസ്റ്റർ ജോളിയുടെയും അധ്യാപകരുടെയും എം.പി.റ്റി.എക്കാർ, വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിൽ ഹരിതസേന കൃഷിജോലികൾ വിപുലമാക്കി. കപ്പ, ചേന, ഇതര പച്ചക്കറികൾ ഇവ കൃഷി ചെയ്ത് വിളവെടുത്തു. ഉച്ചഭക്ഷണത്തിന് സഹായകമാകത്തക്കവിധം അവ സ്കൂളിന് സംഭാവന ചെയ്തു. കൃഷിത്തോട്ടം ഫെയ്സ്ബുക്ക് കൂട്ടായ്മ, ഈ വർഷം ഗ്രോ ബാഗുകളും വിത്തും നൽകി. പച്ചക്കറിത്തോട്ടം വിപുലമാക്കി ഔഷധഗുണമുള്ള ഞവര നെൽക്കൃഷി ഇവിടുണ്ട്.

ക്യാംപസിനെ പാഠപുസ്തകമാക്കുക എന്ന വിദ്യാഭ്യാസ ലക്ഷ്യത്തോട് ഈ സ്കൂൾ എന്നും സഹകരിക്കുന്നതിന്റെ ഭാഗമായി ഇവിടെ വൈവിധ്യ ഉദ്യാനം ആരംഭിച്ചു. ഉയർന്ന ജൈവപാരിസ്ഥിതികാവബോധം വളർത്താൻ ഔഷധത്തോട്ടം നിർമ്മാണം, ശലഭോദ്യാനം, കൃഷിത്തോട്ടം, ജലസംരക്ഷണ സംവിധാനങ്ങൾ, മണ്ണ് സംരക്ഷണം, ആവാസവ്യവസ്ഥകൾ ഒരുക്കൽ (ചെറുകുളം), മുയലുകൾ, ലൗ ബേർഡ്സ് ഇവയ്ക്ക് വാസസ്ഥലം ഇവ ഒരുക്കിയിട്ടുണ്ട്.








താരാ റോസ് സ്കറിയ
9 ബി

# ചന്ദ്രയാൻ

22 ഒക്ടോബർ 2008 ശ്രീഹരിക്കോട്ടയിലെ ധവാൻ സ്പേയ്സ് റിസേർച്ച് സെന്ററിൽ നിന്ന് 'ചന്ദ്രയാൻ-1' പേടകം ഇന്ത്യ വിക്ഷേപിച്ചു . ചന്ദ്രനെക്കുറിച്ചറിയാനുള്ള തീക്ഷ്ണമായ



ആഗ്രഹമാണ് ചന്ദ്രയാൻ-1 ന്റെ വിക്ഷേപണത്തിലേയ്ക്ക് നയിച്ചത്.

'ചന്ദ്രനിലേക്കുള്ള യാത്ര' എന്നാണ് ചന്ദ്രയാൻ എന്ന വാക്കിനർത്ഥം. ചന്ദ്രയാൻ-1 ന് 5 ഉപകരണങ്ങളാണുള്ളത്-

ടെറൈൻ മാപ്പിംഗ് ക്യാമറ, ഹൈപ്പർ സ്പെക്ട്രൽ ഇമേജർ, ലൂണാർ ലേസർ റേൻജിംഗ് ഇൻസ്ട്രുമെന്റ്, സ്പെക്ട്രോമീറ്റർ തുടങ്ങിയവ. ചന്ദ്രന്റെ ഭൂപ്രദേശങ്ങളുടെ ആകൃതിയെക്കുറിച്ചും, അവിടുത്തെ മിനറൽ വെൽത്ത് കണ്ടെത്തുന്നതിനെ കുറിച്ചുമുള്ള പഠനമാണ് ഇതിന്റെ ലക്ഷ്യം. വിക്ഷേപണ സമയത്ത് ഇതിന്റെ ഓർബിറ്റൽ റേഡിയസ് 100 കി.മി ആയിരുന്നു. എന്നാൽ അടുത്തിടെ ഇത് 200 കി.മി ആയി വർധിപ്പിച്ചു. ഇന്ത്യയുടെ അഭിമാനമായ പിഎസ്എൽവി യാണ് ചന്ദ്രയാൻ-1 നെ അതിന്റെ ഗ്രഹണപഥത്തിൽ എത്തിച്ചത്. ചന്ദ്രനിൽ വെള്ളത്തിന്റെ സാന്നിധ്യം കണ്ടെത്തിയതാണ് ഈ പ്രോജക്ടിന്റെ പ്രധാന നേട്ടം.

മരിയ റാണി റോയ്
10 ഡി

# മരുന്ന്

ഭൂമുഖത്തെ മാറ്റിമറിച്ച മൂന്നക്ഷരം
രാസങ്ങളാൽ ഇഴചേർന്ന മാന്ത്രികോൽപ്പാദനം
ശാസ്ത്രത്തിൽ എന്നെന്നും തിളങ്ങുന്ന സമ്പത്ത്



കണ്ണുനീർ മായ്ക്കുന്ന വെണ്മനിറഞ്ഞ ഉണികൾ
വിദ്യയിലൂടെ കരസ്ഥമാക്കിയ പ്രതിവിധി
എന്തിനും ഏതിനും മർത്ത്യർതൻ പരിഹാരം
ശാസ്ത്രത്തിൽ നിന്നും കരസ്ഥമാക്കിയ പൊൻമുത്തുകൾ
ഈ മുത്തുകളുമായി മനുഷ്യൻ ജീവൻ നയിക്കുന്നു
നിത്യവും
പുറപ്പെടുവിച്ച പല പല പൊൻനാണയങ്ങൾ
വായിൽ മധുരം പകരുന്ന ഹോമിയോ മരുന്നും
കയ്പാൽ നിറഞ്ഞ കഷായവും
എല്ലാമെല്ലാം ശാസ്ത്രത്തിൽ പുരോഗതി

വിവിധയിനം അസുഖങ്ങൾക്കായിതാ
നിറങ്ങളാൽ ആകർഷകമായ മരുന്നുകൾ
ജീവനെ നിലനിർത്തുന്ന
ശാസ്ത്രത്തിൻ സമ്മാനം

രോഗിക്കാവശ്യമാം ഏക ഭക്ഷണം
രോഗങ്ങളെ ചെറുത്തുതോൽപ്പിക്കുന്നവൻ
സമൂഹത്തിനായി ഈ മരുന്നുകൾ
വ്യക്തിക്കാവശ്യമാം വ്യക്തമായ പരിഹാരം

റോസ് മരിയ ജോസ്
10 സി


# ഇന്ത്യയുടെ ധനകാര്യരംഗത്തെ ഡിജിറ്റൽ മുന്നേറ്റം

ധനകാര്യ രംഗത്തെ ഡിജിറ്റൽ വൽക്കരണത്തിന്റെ കാര്യത്തിൽ ഇന്ത്യ ഏറെ മുന്നോട്ടുപോയിട്ടുണ്ട്. ഓരോ മാസവും ഒരു കോടി ഇന്റർനെറ്റ് ഉപഭോക്താക്കൾ പുതുതായി ഉണ്ടാകുന്നുണ്ടെന്നാണ് കണക്ക്. ലോകത്തെ ഏറ്റവും ഉയർന്ന വളർച്ചാനിരക്കാണ്.

ഇന്ത്യയിലെ ഡിജിറ്റൽ പണമിടപാട് വിപണി 2023 ആകുമ്പോഴേക്കും ഒരു ലക്ഷം കോടി ഡോളർ [73 ലക്ഷം കോടി രൂപ] കവിയുമെന്ന് നീതി ആയോഗ് കണക്കാക്കുന്നു. മൊബൈൽ ഫോൺ വഴിയുള്ള പണമിടപാടായിരിക്കും കുതിപ്പിന്റെ ഇന്ധനം. രാജ്യങ്ങളുടെ ഡിജിറ്റൽ വികസന സൂചികയിൽ കഴിഞ്ഞ വർഷം 134 - ാം സ്ഥാനത്തായിരുന്ന ഇന്ത്യയെ ആദ്യ 50 -ൽ എത്തിക്കാനും വിഭാവനം ചെയ്യുന്നു.അനായാസവും ആപ്പ് അധിഷ്ഠിതവുമായ പണമിടപാടുകൾക്കായി രാജ്യം ആവിഷ്കരിച്ച യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫെയ്സ് [UPI] ലോകത്തെ തന്നെ ഏറ്റവും മികച്ച സിസ്റ്റങ്ങളിലൊന്നാണ്. മാസം തോറും ഉപഭോക്താക്കളുടെ എണ്ണത്തിൽ 30 ശതമാനം വർധനവാണ് യു.പി.ഐ നേടുന്നത്. ബാങ്കുകളുടെ ഡിജിറ്റൽ വൽക്കരണവും കാര്യക്ഷമമായി നടപ്പാക്കുന്നുണ്ട്. ഏറ്റവും വലിയ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ യോനോ ആപ്പ് അക്കൗണ്ട് തുറക്കൽ മുതലുള്ള എല്ലാ സേവനങ്ങളും നടത്താനാവുന്നതാണ്.

അന്ന പോൾ
10 എ

# ഗുരുവെ നമഃ



ഇതളിന്റെ വിളയാട്ടങ്ങളിൽ നിന്ന്
ദുഃഖത്തിൻ വനങ്ങളിൽ നിന്ന്
സ്വർണം പൂശിയ ഇളവെയില്
തന്നയിനൻ അല്ലയോ ഗുരുഹൃദയം കൈവിരൽതുമ്പാലെ എഴുതിയ
ആദ്യാക്ഷരങ്ങൾ പകർന്ന ഗുരുവെ നമഃ
താളിയോലകളിൽ നാരയത്തിൽ
മുനകളാൽ എഴുതിയ പുണ്യാക്ഷരം
അമ്മയെന്ന രണ്ടക്ഷരം ഓതുമാ
ഗുരുവെന്ന പുണ്യമനസ്സേ നമഃ
സ്നേഹത്തിൻ മധുനകർന്നു, ചൂരലിൻ-
ചൂടും ശാസനയുമേൽപ്പിച്ചും
ലോകത്തിനുസമർപ്പിച്ചതേതൊരു
പൈതലിനെ കണ്ടാനന്ദിക്കുന്നുവോ
ഗുരുഹൃദയം
അമ്മയാകുന്ന ഭൂമിദേവിയെ കണ്ടരുളിയ
ഗുണപാഠങ്ങൾ ഇന്നിതാ ഇപ്പോഴും-
ഓർമ്മയിൽ തിളങ്ങുന്ന
വിദ്യാലയമെന്ന സരസ്വതിക്ഷേത്ര-
ത്തിൻ പുണ്യപ്രതിഷ്ഠയായി
നീ മാറിയപ്പോൾ നിനക്ക് വിദ്യക്ക്
എന്ന അമൃത് പകരാൻ
എത്ര തിടുക്കംക്കാട്ടിയെൻ ഗുരു
മാൻപേടകളെ ദൈവത്തിൻ വഴികളി-
ലൂടെ നടത്തുന്ന ഗുരുവേ നമഃ
ആ ഗുരുപുണ്യകീർത്തനം

കേട്ടവർ പൈതങ്ങൾ ദൈവത്തിന്
മക്കളായി തീർന്നിടും
മാതാ പിതാ ഗുരുദൈവ-
മെന്നാത്മമന്ത്രം മനസ്സിൽ
പതിപ്പിച്ച ഗുരുവെ നമഃ
മാതൃഭാഷ തിരുദീപം
കൊളുത്തി തെളിയിച്ച മലയാള-
മെന്ന ഗുരുവെ നമഃ
പ്രകൃതിയെന്ന ഗുരുവെ നമഃ

പൂജാ ലക്ഷ്മി
7 എ

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ


വിവര വിനിമയ സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ താല്പര്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ 'ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ ടി കൂട്ടായ്മ 2018-19 അധ്യയനവർഷത്തിൽ നെടുംകുന്നം സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂളിൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 2018 മാർച്ച് മാസത്തിൽ എട്ടാം ക്ലാസിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ 40 കുട്ടികളെ തിരഞ്ഞെടുക്കുകയും ചെയ്തു. കൈറ്റ് മിസ്ട്രസുമാരായി സി.ജോളി തെരേസ്, ശ്രീമതി. ജിജി റോസ് തോമസ് എന്നിവർ സ്കൂൾതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.ബഹു.എച്ച്.എം. സി.ദിവ്യാ മാത്യൂസ്, എസ്.ഐ.റ്റി.സി.ചെറിയാൻ ജോബ്, മറ്റ് അധ്യാപകർ സ്കൂൾതല പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു.ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് തലത്തിലെ സംഘാടനവും പ്രവർത്തനവും കാര്യക്ഷമമാക്കാൻ സ്കൂൾതലത്തിൽ സ്കൂൾതലനിർവഹണസമിതി രൂപീകരിച്ചു. കൈറ്റ് തയ്യാറാക്കി നൽകുന്ന മോഡ്യൂളിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും 4 ബുധനാഴ്ചകളിൽ വൈകിട്ട് 03:30 മുതൽ 04:30 വരെ കൈറ്റ്മിസ്ട്രസുമാരുടെ നേതൃത്തിൽ പരിശീലനം നടത്തിവരുന്നു.

ആഗസ്റ്റ് മാസത്തിൽ സ്കൂളിലെ മുഴുവൻ ലിറ്റിൽകൈറ്റ്സിനെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ദിവസത്തെ യൂണിറ്റ്തല ക്യാമ്പ് സംഘടിപ്പിച്ചു.

അനിമേഷനുകൾ, ഗെയിമുകൾ, പ്രോഗ്രാമിംഗ് പൈത്തൺ, സോഫ്റ്റ്വെയറുകൾ, മൊബൈൽ ആപ്പുകൾ, ഇന്റർനെറ്റ് തുടങ്ങിയവ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും എങ്ങനെ നിർമിക്കപ്പെടുന്നു എന്നതും ഈ പരിശീലന ഘട്ടത്തിൽ പരിചയപ്പെടുവാൻ കുട്ടികൾക്ക് സാധിച്ചു. ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ ഒരു പ്രധാന പ്രവർത്തനമായ ഡിജിറ്റൽ സ്കൂൾ മാഗസിൻ തയ്യാറാക്കിയതിലൂടെ കുട്ടികൾക്ക് മലയാളം ടൈപ്പിങ്ങിൽ പ്രാഗല്ഭ്യം നേടാൻ കഴിഞ്ഞു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങളെയും അഭിനന്ദിക്കുന്നു. പുതുതലമുറ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് വിവിധ നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും നവീന മേഖലകൾ പരിചയപ്പെടാനും ഇതിലൂടെ കുട്ടികൾക്ക് അവസരം ലഭിച്ചു.

നൂതനസാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു പുതിയ തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ലിറ്റിൽ കൈറ്റ്സ് എന്ന ഐ.ടി കൂട്ടായ്മയ്ക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.







ജിജി റോസ് തോമസ്
ലിറ്റിൽകൈറ്റ് മിസ്ട്രസ്


ST.TERESA'S GIRLS HIGH SCHOOL
NEDUMKUNNAM